**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2090</u>** **<u>09-02-2023 - ൽ മറുപടിയ്ക്ക്</u>**

**<u>വൈപ്പിൻ മണ്ഡലത്തിലെ അഗ്നിരക്ഷ നിലയത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കൽ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ അഗ്നിരക്ഷ നിലയത്തിനുവേണ്ടി എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള എളങ്കുന്നപ്പുഴ വില്ലേജ് റീസർവ്വെ 412/6-ൽപ്പെട്ട 7.10 ആർ ഭൂമി ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | പ്രസ്തുത ഭൂമി ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾക്കായി എറണാകുളം ജില്ലാ കളക്ടർക്ക് വകുപ്പിൽ നിന്നും കത്ത് നൽകിയിരുന്നു. ഭൂമി വകുപ്പിന് കൈമാറി ലഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള അർത്ഥനാപത്രം കൊച്ചി താലൂക്ക് ആഫീസിൽ നിന്നും എറണാകുളം റീജിയണൽ ഫയർ ഓഫീസർക്ക് നൽകുകയും 01.02.2023-ലെ കത്ത് പ്രകാരം അഗ്നിരക്ഷാ സേവന വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പ് മേധാവി തുടർനടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കൊച്ചി തഹസിൽദാർ 19.09.2022 ലെ എസ്3-8345/17 നമ്പർ കത്ത് പ്രകാരം സ്ഥലം കൈമാറ്റത്തിന് അർത്ഥനാപത്രം സമർപ്പിക്കുവാനുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | (ബി) | പിരിവ് (എ)-യിൽ ചേർത്തിരിക്കുന്ന പ്രകാരം. |
| (സി) | അർത്ഥനാപത്രം സമർപ്പിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണവും ആയത് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ? | (സി) | പിരിവ് (എ)-യിൽ ചേർത്തിരിക്കുന്ന പ്രകാരം. |

സെക്ഷൻ ഓഫീസർ